പതിമൂന്നാം കേരള നിയമസഭ
നലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2051 — 22-03-2012 -ൽ മറുപടിക്ക്.

## ഭവനവായ്പയൊടുക്കാത്ത നിർദ്ധനരെ ജപ്തിയിൽ നിന്നും സംരക്ഷിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ.<br>ശ്രീ. പി.സി. ജോർജ്. | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്ന് വായ്പയെടുത്തവരും എന്നാൽ പ്രതികൂല സാമ്പത്തിക സാഹചര്യങ്ങളാൽ തിരിച്ചടവ് മുടങ്ങിയവരുമായ ആളുകൾക്ക് ജപ്തി ഭീഷണി ഒഴിവാക്കുന്നതിനും പരമാവധി ഇളവുകൾ ലഭ്യമാക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്ന് വായ്പയെടുത്തവരിൽ തിരിച്ചടവ് മുടങ്ങിയ താഴെപ്പറയുന്ന വിഭാഗക്കാർക്ക് ജപ്തി ഭീഷണി ഒഴിവാക്കി ഇളവുകൾ അനുവദിച്ചിട്ടുണ്ട്:<br>(1) മൈത്രി ഭവനപദ്ധതിയിലെ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളിയിട്ടുണ്ട്.<br>(2) മാറാരോഗികളും തീരെ അശരണരുമായിട്ടുള്ളവരുടെ വായ്പാ ബാദ്ധ്യത ഭാഗികമായോ പൂർണ്ണമായോ എഴുതിത്തള്ളുന്നതിനുള്ള നടപടി തുടർന്നുവരുന്നു.<br>(3) വയനാട് ജില്ലയിലെ വായ്പാ തിരിച്ചടവിന് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>(4)എൻഡോസൾഫാൻ ദുരിതബാധിതർ, മത്സ്യത്തൊഴിലാളികൾ, സുനാമി ബാധിതർ തുടങ്ങിയവരുടെ വായ്പാ തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>(5) ബോർഡിലെ വിവിധ വായ്പകൾക്ക് നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം 31-03-2012 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.<br>(6) കുടിശ്ശിക തീർക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് അപേക്ഷ സമർപ്പിക്കുന്നവർക്ക് തിരിച്ചടവിന് സാവകാശവും തവണസൗകര്യവും അനുവദിക്കുന്നുണ്ട്. |
| (ബി) | വായ്പ നൽകിയ ഇനത്തിൽ ഭവനനിർമ്മാണ ബോർഡിന് എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് അറിയിക്കുമോ; | (ബി) | വിവിധ വായ്പകൾ നൽകിയ ഇനത്തിൽ ഏകദേശം 200 കോടി രൂപയോളം ഭവന നിർമ്മാണ ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്. |
| (സി) | ഭവന വായ്പയെടുക്കുകയും തിരിച്ചടവ് പൂർത്തീകരിക്കുന്നതിന് മുമ്പ് മരണപ്പെടുകയും ചെയ്ത നിർദ്ധനരായവരുടെ കുടുംബങ്ങളെ ജപ്തി ഭീഷണിയിൽ നിന്ന് സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ദുർബലവിഭാഗങ്ങൾക്ക് നൽകിയ മുഴുവൻ വായ്പകളും എഴുതിത്തള്ളിക്കഴിഞ്ഞു. എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗങ്ങളിൽപ്പെട്ട വായ്പാ കുടിശ്ശികക്കാർ മരണപ്പെട്ട കേസുകളിൽ തിരിച്ചടവ് ശേഷിയില്ലാത്തവരുടെ വായ്പയ്ക്ക് ജില്ലാകളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ